**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2605** **22-01-2021 - ൽ മറുപടിയ്ക്ക്**

**പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ .സി .ബാലകൃഷ്ണൻ** | | **Shri A. K. Balan**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | ആദിവാസി വിഭാഗങ്ങൾക്കിടയിലുള്ള പോഷകാഹാരക്കുറവ് പരിഹരിക്കുവാൻ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ആരംഭിച്ചതാണ് കമ്മ്യൂണിറ്റി കിച്ചൻ അഥവാ സമൂഹ അടുക്കള. പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിലും വയനാട് ജില്ലയിലുമാണ് നിലവിൽ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ സർക്കാർ വന്നശേഷമാണ് പദ്ധതി വയനാട്ടിലേക്ക് വ്യാപിപ്പിച്ചത്. ടി പദ്ധതി നടപ്പിലാക്കിയതിനു ശേഷം പട്ടികവർഗ്ഗക്കാർക്കിടയിലെ ശിശുമരണം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കാണ് ഈ പദ്ധതി നടത്തിപ്പിന്റെ പൂർണ്ണചുമതല. പാചകത്തിന് ആവശ്യമായ പച്ചക്കറികൾ, വിറകുകൾ എന്നിവ ഭക്ഷണം പാകം ചെയ്യുന്നവർ ശേഖരിച്ച് ഉപയോഗിക്കുന്നതിനാൽ പാചക ക്കാരായ പട്ടികവർഗ്ഗക്കാർക്ക് ചെറിയ ഒരു വരുമാനവും ഇതിലൂടെ ലഭിക്കുന്നു. സമൂഹ അടുക്കള പദ്ധതി ഊരിലുള്ള ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, 6 മാസം മുതൽ 6 വയസ്സ വരെ പ്രായമുള്ള കുട്ടികൾ, കൗമാരപ്രായക്കാർ, വൃദ്ധർ എന്നിവർക്ക് വന്ന് ഒരുമിച്ചിരുന്ന് കഴിക്കാവുന്ന രീതിയിലാണ് നടപ്പിലാക്കുന്നത്. തങ്ങളുടെ പാരമ്പര്യ ഭക്ഷണ വിഭവങ്ങളായ റാഗി, ചാമ എന്നിവയും ചോറ്, മുളയരിക്കഞ്ഞി, ഇലക്കറികൾ, പയർ വർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, പച്ചക്കറികൾ തുടങ്ങിയവയും സമൂഹ അടുക്കളയുടെ ഭാഗമായി ഉപയോഗിച്ച വരുന്നു. സമൂഹ അടുക്കള നടത്തിപ്പിന് ആവശ്യമായ ജൈവപച്ചക്കറികൾ ഊരുകളിൽ തന്നെ ഉത്പാദിപ്പിക്കുന്ന നിരവധി അയൽക്കൂട്ടങ്ങൾ സജീവമാണ്. ഇതുമൂലം ഒരു ഉപജീവന മാർഗ്ഗത്തിനുള്ള ഉപാധി കൂടിയായി ഈ പദ്ധതി മാറിയിട്ടുണ്ട്. ഇതിനുപുറമെ കോട്ടത്തറ ട്രൈബൽ |

| | | | |
|---|---|---|---|
| | | | സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനു വേണ്ടിയും സമൂഹ അടുക്കള പ്രവർത്തിച്ചു വരുന്നതിനാൽ രോഗികൾക്കും ഇത് വലിയ അളവിൽ ആശ്വാസം നൽകുന്നുണ്ട്. തങ്ങളുടെ കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുക എന്നത് തങ്ങളുടെ ഉത്തരവാദിത്ത്വവും, അവകാശവുമാണെന്ന തിരിച്ചറിവ് ഇത്തരം പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതോടൊപ്പം പട്ടികവർഗ്ഗ മേഖലയിൽ വലിയ സാമൂഹിക മുന്നേറ്റം ഉണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ മേഖലയിൽ കേരള സർക്കാരും പട്ടികവർഗ്ഗ വികസന വകുപ്പും സാമൂഹ്യ നീതി വകുപ്പും കുടുംബശ്രീ മിഷനും സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കി വരുന്നത്. 2013-14 വർഷങ്ങളിൽ നവജാത ശിശുക്കളുടെ ശരാശരി ഭാരം (Birth weight) കേവലം ഒന്നോ ഒന്നര കിലോയോ ആയിരുന്നു. എന്നാൽ സ്ത്രീകളുടെ വിശേഷിച്ചും ഗർഭിണികളായ സ്ത്രീകളുടെ ആരോഗ്യ പരിപാലനത്തിന് സർക്കാർ നൽകിവരുന്ന മുന്തിയ പരിഗണന പ്രത്യേകിച്ചും പോഷകാഹാരം ലഭ്യമാക്കുന്ന കാര്യത്തിൽ വലിയ മാറ്റമാണ് ഗർഭിണികളുടെയും നവജാത ശിശുക്കളുടെയും ആരോഗ്യം സംരക്ഷിക്കുന്നതിൽ ഉണ്ടാക്കുവാൻ കഴിഞ്ഞത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയുടെ നടത്തിപ്പിനായി പട്ടികവർഗ്ഗ വികസന വകുപ്പ് 23.13 കോടി രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | കോവിഡ് കാലത്ത് ആദിവാസി വിഭാഗങ്ങളിലെ പട്ടിണിയും പോഷകാഹാരക്കുറവും പരിഹരിക്കുവാൻ എന്തൊക്കെ പ്രത്യേക ഇടപെടലുകളാണ് വകുപ്പ് സ്വീകരിച്ചത്; വിശദമാക്കുമോ? | (ബി) | കോവിഡ് കാലത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളിലെ പട്ടിണിയും പോഷകാഹാരക്കുറവും പരിഹരിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. ഭക്ഷ്യ സഹായ പദ്ധതി മൺസൂൺകാലത്ത് സംസ്ഥാനത്തെ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടിണി ഉണ്ടാകാതെ ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കി വരുന്നു. ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ പട്ടിണി അനുഭവപ്പെടുന്ന പ്രത്യേക സാഹചര്യങ്ങളിലും പദ്ധതി നടപ്പിലാക്കുന്നു. ഭക്ഷ്യ സഹായ പദ്ധതി പ്രകാരം പ്രതിമാസം വിതരണം ചെയ്യുന്ന ഇനങ്ങൾ ചുവടെ ചേർക്കുന്നു. 1. അരി - 15 കിലോ 2. ചെറുപയർ/വൻപയർ - 1 കിലോ 3. കടല - 1 കിലോ 4. വെളിച്ചെണ്ണ - 1 ലിറ്റർ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി പാലക്കാട് ജില്ലയിൽ അട്ടപ്പാടിയിലും വയനാട് ജില്ലയിലും നിലവിൽ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കുന്ന തിലൂടെ പട്ടിണിയും പട്ടികവർഗ്ഗക്കാർക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും |

ശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. ആദിവാസി സമൂഹത്തിന്റെ അന്യം നിന്നുപോയ പാരമ്പര്യകൃഷി പുന:സ്ഥാപിക്കുന്നതിനും പോഷകാഹാര കുറവുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും അവരുടെ തനത് ഭക്ഷണരീതി പ്രോത്സാഹിപ്പിക്കുന്നതിനുമായി 2019-20 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഒരു പുതിയ പദ്ധതിയാണ് വരുമാന ദായക കാർഷിക ഉദ്യമ പദ്ധതി. ഈ പദ്ധതിയിലൂടെ പട്ടികവർഗ്ഗക്കാരുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പ വരുത്തുന്നതിനും, ഉപജീവനം മെച്ചപ്പെടുത്തുന്നതിനും വിവിധ പദ്ധതികൾ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. നമത് വെള്ളാമെ അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാരുടെ പോഷകാഹാര കുറവ് പരിഹരിക്കുന്നതിനും ഭക്ഷ്യസുരക്ഷ ഉറപ്പ വരുത്തു ന്നതിനും ഉപജീവനം മെച്ചപ്പെടുത്തുന്നതിനും പാരമ്പര്യ ജൈവ കൃഷിയിലൂടെ ശാശ്വത പരിഹാരം കണ്ടെത്തുന്നതിനും വേണ്ടി കെ.ഡിസ്കിന്റെ നേതൃത്വത്തിൽ തണൽ എന്ന സർക്കാരിതര ഏജൻസിയുടെ സാങ്കേതിക സഹായത്തോടെ പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് നമത് വെള്ളാമെ. പട്ടികവർഗ്ഗക്കാരിൽ സ്വന്തമായി ഭൂമിയുള്ളതും കൃഷി ചെയ്യാൻ താൽപര്യവുമുള്ള പട്ടികവർഗ്ഗ കർഷകർക്ക് ജൈവകൃഷിയിലൂടെ ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്നതിനായി "നമത് വെള്ളാമെ" എന്ന പദ്ധതി അട്ടപ്പാടിയിൽ ആരംഭിച്ചു. ടി പദ്ധതി പ്രകാരം അട്ടപ്പാടിയിൽ 1671 ഏക്കർ തരിശുഭൂമിയെ പരമ്പരാഗത കൃഷിയ്ക്ക് കീഴിൽ കൊണ്ടുവന്ന് 34 ഊരുകളിലായി 1208 കർഷകർക്ക് ഉപജീവനം മെച്ചപ്പെടുത്തുന്ന രീതിയിൽ നാളിതുവരെ 280 ലക്ഷം രൂപ ചെലവഴിച്ച് തുടർ പദ്ധതിയായി നടപ്പിലാക്കി വരുന്നു. ഹരിത രശ്മി 2020-21 വർഷത്തിൽ ഇടുക്കി, വയനാട് ജില്ലകളിലായി 2500 പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഉപജീവനം മെച്ചപ്പെടുത്തുന്നതിന് 5.15 കോടി രൂപയുടെ പദ്ധതി സെന്റർ ഫോർ മാനേജ്മെന്റ് ഡവലപമെന്റ് എന്ന സ്ഥാപനം മുഖേന ആരംഭിച്ചിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ നവീകരണം 2021-22 വർഷത്തിൽ വകുപ്പിന്റെ കീഴിലുള്ള അട്ടപ്പാടി, ആറളം, ചീങ്ങേരി എന്നീ ഫാമുകളുടെ നവീകരണ ത്തിനായി കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി സമർപ്പിച്ച പ്രോജക്ടുകളിൽ ആദ്യഘട്ടത്തിൽ അട്ടപ്പാടി ഫാം നവീകരണത്തിനായി 150.00 ലക്ഷം രൂപയും ആറളം ഫാമിനായി 300 ലക്ഷം രൂപയും

| | | | | |
|---|---|---|---|---|
| | | | | പദ്ധതി നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ സംഭരണം, പ്രാഥമിക സംസ്കരണം, വിപണനം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ ഉൾപ്പെടുത്തുന്നതും പട്ടിക വർഗ്ഗക്കാരുടെ പോഷകനിലവാരം മെച്ചപ്പെടുത്തുന്നതിനും ജീവനോപാധി വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മില്ലെറ്റ് വില്ലേജ് ആദിവാസി സമൂഹത്തിന്റെ അന്യം നിന്നുപോയ പാരമ്പര്യകൃഷി പുന:സ്ഥാപിക്കുന്നതിനും പോഷകാഹാര കുറവുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനും അവരുടെ തനത് ഭക്ഷണരീതി പ്രോത്സാഹിപ്പിക്കുന്നതിനും 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ അട്ടപ്പാടി മില്ലറ്റ് വില്ലേജ് എന്ന പദ്ധതി പട്ടികവർഗ്ഗ വികസന വകുപ്പും, കൃഷി വകുപ്പും സംയുക്തമായി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം അട്ടപ്പാടിയിൽ ഭക്ഷ്യ സുരക്ഷയും ആരോഗ്യസുരക്ഷയും ജീവനോപാധിയും ഉറപ്പുവരുത്തുന്നതിനായി 165 ഊരുകളിലായി 1240 ഹെക്ടർ ഭൂമിയിൽ 3307 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കുന്നതിനായി 540.00 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ